ആമുഖം

**1913** ൽ ആരംഭിച്ച ഈ വിദ്യാലയം ആനന്ദപുരം ഗ്രാമത്തിന്റെ മുഴുവനാളുകളിലും അക്ഷരം വെളിച്ചം വിതറി ഒരു നൂറ്റാണ്ട് കാലമായി നിലകൊള്ളുകയാണ്. പ്രകൃതിസുന്ദരമായി അന്തരീക്ഷത്തിൽ കുട്ടികളിൽ വിജ്ഞാനവും കൗതുകവും സർവോപരി സദ്ഗുണങ്ങളും വളർത്തുന്ന ഈ വിദ്യാലയം **1990**ൽ യുപിവിഭാഗമായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. **1984** മുതൽ പ്രീ പ്രൈമറി വിഭാഗവും ഇവിടെ പ്രവർത്തിച്ചുവരുന്നു.

കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കികൊണ്ട് പ്രകൃതിയിലൂടെ പഠിക്കുക എന്ന വാഗ്ദാനം പാലിച്ചുകൊണ്ടുമാണ് എല്ലാ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുള്ളത്. ജൈവവൈവിധ്യ പരിപാലനത്തിൽ വിജയിച്ച വരുന്ന ഈ വിദ്യാലയത്തിൽ പ്രകൃതി സൗഹൃദ അന്തരീക്ഷത്തിൽ മികച്ച പഠനം സാധ്യമായി വരുന്നു.

പിടിഎ, എസ് എം സി, എം പി ടി എ ഇവരുടെ സാന്നിധ്യയോഗം വിദ്യാലയത്തിൽ പ്രായോഗികമായി നടപ്പിലാക്കാവുന്ന വിവിധ പ്രവർത്തനങ്ങൾ മുന്നോട്ടുവച്ചു. സംസ്ഥാന ഗവൺമെന്റിന്റെ പൊതുവിദ്യാലയ സംരക്ഷണ യജ്ഞവും മുരിയാട് ഗ്രാമപഞ്ചായത്തിന്റെ ഇടപെടലും പിടിഎ യുടെ അശ്രാന്ത് പരി ശ്രമവും സ്കൂളിൻറെ ഭൗതിക അന്തരീക്ഷം മെച്ചപ്പെടുത്തി.

ജ്ഞാനനിർമ്മിതിയാണ് വിദ്യാഭ്യാസത്തിൻറെ അടിസ്ഥാന ലക്ഷ്യം എന്ന തിരിച്ചറിവ് ഇവിടത്തെ അധ്യാപകരെ എന്നും കർമ്മനിരതരാക്കുന്നു. ഇതനുസരിച്ച് കുട്ടികളുടെ സമഗ്ര വികസനം

Scanned with OKEN Scanner

ലക്ഷ്യമാക്കി കൊണ്ടുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ നിങ്ങൾക്കു മുൻപിൽ സമർപ്പിക്കുന്നു.

Scanned with OKEN Scanner

ലക്ഷ്യങ്ങൾ

1. ശിശു സൗഹൃദ വിദ്യാലയം അന്തരീക്ഷം ഒരുക്കൽ
2. ജൈവവൈവിധ്യ പരിപാലനം സാധ്യമാക്കുന്നു
3. പ്ലാസ്റ്റിക് മുക്ത വിദ്യാലയം ശുചിത്വ വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക
4. ലഹരി ഉപയോഗത്തിൽ നിന്ന് കുട്ടികളെ മാറ്റുന്നതിന് ബോധവൽക്കരണം നടത്തുക
5. കുട്ടികൾക്കായി ഗൈഡൻസ് കൗൺസിലിംഗ് സൗകര്യം ഒരുക്കുക
6. ശാസ്ത്ര പഠനത്തിലെ മികവുകൾ നേടുന്നതിനായി ലാബുകൾ സജ്ജീകരിക്കുക
7. പ്രാദേശിക പഠന വിഭവങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക
8. ലഘുപഠന യാത്ര ശില്പശാല സെമിനാർ പ്രോജക്ട് തുടങ്ങിയ പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക
9. പഠന പിന്നോക്ക അവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക
10. കുട്ടികളിലെ സർഗാത്മകശേഷി വികസിപ്പിക്കാൻ അവസരം ഒരുക്കുക
11. ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി ഉപയോഗിക്കാനുള്ള കഴിവ് വികസിപ്പിക്കൽ
12. കുട്ടികളിലെ മാതൃഭാഷ നിലവാരം ഉയർത്തൽ.

Scanned with OKEN Scanner

ഉദ്ദേശ്യ ങ്ങൾ

1. വിദ്യാലയത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കൽ
2. ശിശു സൗഹൃദ വിദ്യാലയം അന്തരീക്ഷം ഒരുക്കുക
3. ക്ലാസ്സും അക്കാദമിക മികവിന്റെ കേന്ദ്രമാക്കുക
4. വിദ്യാലയത്തെ മികവിലേക്ക് ഉയർത്തുക
5. സർഗ്ഗശേഷി വികസിപ്പിക്കൽ
6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് സാഹചര്യം ഒരുക്കൽ
7. പൊതുപരീക്ഷകളിൽ നേരിടാനുള്ള കഴിവ് വളർത്തൽ
8. നൃത്ത പഠനത്തിൽ താല്പര്യമുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കൽ
9. ഓരോ കുട്ടിയും മൂന്ന ഭാഷകളിൽ പ്രാവീണ്യം നേടൽ
10. വിഷരഹിത പച്ചക്കറി പ്രോത്സാഹിപ്പിക്കൽ
11. കുട്ടി കളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ
12. പൂർവ്വ വിദ്യാർത്ഥികളുടെ പങ്കാളിത്തവും സഹകരണവും
13. സ്കൂൾ വാർത്തകളുടെ റിപ്പോർട്ടിങ്
14. പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ
15. വിദ്യാലയ പ്രവർത്തനങ്ങൾ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ
16. അക്കാദമിക മികവിന് മൾട്ടിമീഡിയ സൗകര്യങ്ങളോടുകൂടിയ ക്ലാസ് സജ്ജമാക്കൽ
17. സർഗാത്മകശേഷി വികാസത്തിന് വിവിധ ക്ലബ്ബുകളുടെ രൂപീകരണം
18. കുട്ടികളുടെ പഠനാന്തരീക്ഷം മനസ്സിലാക്കുന്നതിനായി ഗൃഹ സന്ദർശനം
19. വിദ്യാലയത്തിന്റെ അഭ്യുദയകാംക്ഷികളെ കണ്ടെത്തി വിവിധ കമ്മിറ്റി രൂപീകരിക്കൽ
20. വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കുവെക്കാൻ അവസരം ഒരുക്കൽ

Scanned with OKEN Scanner

21. മികച്ച ശിക്ഷണം ,അച്ചടക്കം, മികച്ച അധ്യാപകർ

Scanned with OKEN Scanner

പ്രതീക്ഷിത നേട്ടങ്ങൾ

1. വായനാശീലം ഉള്ള കുട്ടികൾ ആകുന്നു
2. ലഹരി വിമുക്ത തലമുറയെ വാർത്തെടുക്കുന്നു
3. ശുചിത്വബോധവും പ്രകൃതി സൗഹൃദ മനോഭാവവും ഉള്ള കുട്ടികളെ വളർത്തിയെടുക്കാൻ കഴിയുന്നു
4. കാർഷിക സംസ്കാരമുള്ള പുതുതലമുറ വളരുന്നു
5. സ്മാർട്ട് ക്ലാസ് മുറികളിൽ കുട്ടികളും സ്മാർട്ട് ആകുന്നു
6. ഭാഷാപരമായ മികവുള്ള കുട്ടികളാകുന്നു
7. പുതിയ വിദ്യാലയ അന്തരീക്ഷത്തിൽ കുട്ടികളുടെ എണ്ണത്തിൽ മാറ്റം ഉണ്ടാവുന്നു
8. ഗണിതത്തിലും ശാസ്ത്രത്തിലും നൈപുണ്യമുള്ള കുട്ടികളായി തീരുന്നു
9. സാമൂഹ്യബോധമുള്ള കുട്ടികളായി തീരുന്നു
10. പുതിയ വിദ്യാലയ അന്തരീക്ഷത്തിൽ പ്രീ സ്കൂൾ ശാസ്ത്രീയമാകുന്നു
11. ജൈവവൈവിധ്യ പരിപാലനം സാധ്യമാക്കുന്നു
12. ആരോഗ്യകായിക മേഖലകളിൽ അനുഗുണമായ മാറ്റങ്ങൾ പ്രകടമാക്കാൻ കഴിയുന്നു

Scanned with OKEN Scanner

## <u>ചുമതലകൾ</u>

സ്റ്റാഫ് സെക്രട്ടറി - ലൗലി' എ
എസ്. ആർ. ജി. - സിന്ധു കെ.കെ
ഉച്ച ഭക്ഷണം,,PS IT - കുളിർമ
സുരക്ഷ ഓഫീസർ - റിയ ജോൺസൺ
സഞ്ചയിക - സിന്ധു
ആരോഗ്യ ക്ലബ്, ഗാന്ധിദർശൻ - ജെറി
ശാസ്ത്ര ക്ലബ് - സഹീന
കൃഷി - ഷാലി
എക്കോ ക്ലബ്, ബസ് - ലൗലി
വിദ്യാര്യംഗം, ലൈബ്രറി - സജി
കായികം -വൈശാഖ്

Scanned with OKEN Scanner

ഉപമേഖല -കമ്പ്യൂട്ടർ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആധുനിക സാങ്കേതികവിദ്യ കൈകാര്യം ചെയ്യുവാനുള്ള കഴിവ് നേടുന്നു. | മലയാളം ഇംഗ്ലീഷ് ടൈപ്പ് ചെയ്യാനുള്ള പ്രാവീണ്യം നേടുന്നു | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ | |
| | ..വീഡിയോ എഡിറ്റിംഗ് ,സൗണ്ട് റെക്കോർഡിങ് ഇവ പരിചയപ്പെടുത്തുന്നു | ജൂൺമുതൽ മാർച്ച് വരെ | എസ്. ആർ. ജി | |
| | .ഇൻററർനെറ്റ് സംവിധാനം ഫലപ്രദമായി ഉപയോഗപ്പെടുത്തൽ | | ക്ലാസ്സ് ടീച്ചർ | |

Scanned with OKEN Scanner

ഉപമേഖല_ കലാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ<br>ജന്മസിദ്ധവും<br>സർവ്വതോൻമുഖ<br>വുമായ<br>വളർച്ചയ്ക്ക്<br>ഉതകുംവിധം<br>വിദ്യാർത്ഥികളെ<br>പ്രാപ്തരാക്കുക | ടാലൻറ് ലാബ്<br>സജ്ജീകരിക്കുന്നു<br><br>സംഗീത<br>പരിശീലനം<br><br>പ്രവൃത്തി<br>പരിചയപരിശീല<br>നം<br>സംസ്ഥാനതല<br>മത്സരങ്ങളിൽ<br>പങ്കെടുക്കാവുന്ന<br>ടീമുകളെ<br>വാർത്തെടുക്കൽ<br><br>വിഷയാടിസ്ഥാന<br>ത്തിൽ<br>കുട്ടികളുടെ കഴിവും<br>താല്പര്യവും<br>അനുസരിച്ച് ഗ്രൂപ്പ്<br>ആക്കി വിദഗ്<br>ധരെഉപയോഗപ്പെടു<br>ത്തി പരിശീലനം<br>നൽകൽ | ആഴ്ചയിൽ<br>ഒരിക്കൽ<br><br>ഒരു വർഷം | ക്ലാസ് ടീച്ചർ<br><br>പിടിഎ<br><br>എസ് എസ് ജി<br><br>പിടിഎ<br><br>എസ് എസ് ജി | |

Scanned with OKEN Scanner

**ഉപമേഖല -ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം ലളിതവും രസകരവുമാക്കൽ | • ഗണിതത്തോട് ഇഴുകി ചേരാൻ മുത്തുകൾ, സ്മൈലി ബോളുകൾ, ബഹുവർണ്ണ ടോക്കണുകൾ, ചിത്രകാർഡുകൾ, ഗെയിം ബോർഡുകൾ എന്നിവ ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.<br>• ഗണിതാശയങ്ങൾ എളുപ്പം കടന്നു ചെല്ലാൻ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• ഗണിത പഠനം ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തുന്നു. | ഒരു വർഷം | ഹെഡ്മാസ്റ്റർ<br>എസ്ആർജി<br>ക്ലാസ് ടീച്ചർ<br>എംപിടിഎ<br>പിടിഎ | പിടിഎ |
| ഗണിത ക്ലബ്ബ് രൂപീകരണം | • ഗണിതത്തിൽ തല്പരരായ വിദ്യാർത്ഥികളെ അംഗങ്ങളാക്കി ഗണിത ക്ലബ്ബ് രൂപീകരിക്കൽ<br>• ഗണിത മാഗസിൻ തയ്യാറാക്കൽ<br>• വിദഗ്ധരുടെ ക്ലാസ്<br>• ഒറിഗാമി ശില്പശാല | ജൂലൈ<br>ഒക്ടോബർ<br>ജനുവരി | ക്ലാസ് ടീച്ചർ<br>ഗണിത അധ്യാപിക | എസ് എസ് കെ |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | • ഗണിത ലാബ് രൂപീകരണം<br>• കുട്ടികൾ സ്വന്തമായി വർക്ക് ഷീറ്റുകൾ നിർമ്മിക്കുന്നു<br>• ജിയോജിബ്രയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ | | റിസോഴ്സ് ഗ്രൂപ്പ് | |
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചതുഷ്ക്രിയകൾ സഹായകമാകുന്നുവെന്ന് കുട്ടികൾ മനസ്സിലാക്കുന്നു<br>• സംഖ്യ കാർഡുകൾ, അബാക്കസ്, ചിത്ര സഹായത്തോടെയുള്ള പഠനം<br>• ഗണിതകേളി, ഗണിത ഗാനം, കണക്കിലെ കളികൾ ശേഖരണം | ഒരു വർഷം | ക്ലാസ് ടീച്ചർ<br>എം പി ടി എ | എസ് ആർ ജി |
| ഗണിത പ്രതിഭകളെ കണ്ടെത്തൽ | • എല്ലാ മാസവും ഗണിത ക്വിസ്,ഗണിത പസിലുകളുടെ പൂർത്തീകരണം, മറ്റു ഗണിത പ്രവർത്തനങ്ങൾ<br>• ഇവയിൽ മികച്ച നിലവാരം പുലർത്തുന്ന കുട്ടിയെ കണ്ടെത്തി | ഒരു വർഷം | ഹെഡ്മാസ്റ്റർ<br>എല്ലാ അധ്യാപകരും | പിടിഎ |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | ലിറ്റിൽ മാസ്റ്ററായി പ്രഖ്യാപിക്കുന്നു. | | | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയസം വേദന നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എൻറെ അവധിക്കാലം**<br><br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ കവിത യാത്രാനുഭവം അനുഭവക്കുറിപ്പ്)അവ തരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| | **ഭാഷ കേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ചു അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടുന്ന കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | വാർത്താ ലോകത്തേക്ക് പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | **വാർത്താ വായന**<br><br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | |
| | അതാതു മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്സ് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ രണ്ടുപ്രാവശ്യം | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം മുഖാമുഖം**<br><br>സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ടുപ്രാവശ്യം | മലയാളം ക്ലബ്ബ് | |
| 4)മലയാളം കമ്പ്യൂട്ടറിൽ പരിജ്ഞാനം നേടിയെടുക്കലും സർഗാത്മകശേഷി വളർത്തലും | **ഇ- കമ്പ്യൂട്ടറിംഗ്**<br><br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിൽ പരിശീലിപ്പിക്കുകയും ഈ മാഗസിൻ പ്രസിദ്ധീകരിക്കുക യും ചെയ്യുന്നു<br><br>മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊ ണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം ക്ലബ്ബ് | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| പഠിതാക്കളുടെ കലാവാസനകളെ പരിപുഷ്ടിക്കൽ | രംഗാവിഷ്കാരം<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ദുൽക്കാഴ്ചകൾ ലഭിക്കുന്ന നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു വിദഗ്ധരായ നാടക കലാകാരന്മാരെയും പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഉൾകാഴ്ചകൾ ലഭിക്കുന്ന നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന് പിന്നീട് എല്ലാദിവസവും | മലയാളം ക്ലബ്ബ് | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| കുട്ടികളുടെ ആകാശവാണി | ആകാശവാണി<br><br>വിശേഷദിനങ്ങളും ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ച നിൻറെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു<br><br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന് പിന്നീട് എല്ലാം ദിവസവും | മലയാളം ക്ലബ്ബ് | |

Scanned with OKEN Scanner